# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 19-07-2016 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : **2401**

## വിഴിഞ്ഞം തുറമുഖ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.സി.ജോർജ് : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) തമിഴ്നാട് സർക്കാരിന്റെ കുളച്ചൽ - ഇനയം പദ്ധതിക്ക് കേന്ദ്ര സർക്കാർ തത്വത്തിൽ അനുമതി നൽകിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) കുളച്ചൽ - ഇനയം തുറമുഖം വരുന്നതിനാൽ വിഴിഞ്ഞം പദ്ധതി സാമ്പത്തിക ലാഭമുണ്ടാക്കാൻ ഇടയില്ലെന്ന് കണ്ട് ബാങ്കുകളുടെ കൺസോർഷ്യം പിൻമാറാൻ പോകുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | (ബി) ഇല്ല. |
| (സി) വിഴിഞ്ഞം പദ്ധതിക്ക് കിട്ടാതെ പോയ കേന്ദ്ര ആനുകൂല്യം ഇനയം പദ്ധതിക്ക് കേന്ദ്രം പ്രഖ്യാപിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) യും (ഡി) യും ഉണ്ട്. |
| (ഡി) കുളച്ചൽ ഇനയം പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിന്റെ ആദ്യഘട്ടത്തിലെ വാഗ്ദാനം 6000 കോടി രൂപയാണെന്ന് മനസ്സിലാക്കിയിട്ടുണ്ടോ ; | |
| (ഇ) വിഴിഞ്ഞം പദ്ധതി നടപ്പാക്കുന്ന അദാനി ഗ്രൂപ്പിന് കേന്ദ്ര സഹായം 200 കോടി (ഇരുനൂറ്) യാണെന്നതിനാൽ ഈ തുക കൂട്ടികിട്ടാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ? | (ഇ) കേന്ദ്ര സർക്കാരിന്റെ വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ് സ്കീമിൽ തത്വത്തിൽ അംഗീകാരം ലഭിച്ച വിഴിഞ്ഞം പദ്ധതിക്കായി അദാനി ഗ്രൂപ്പിന് ലഭിക്കുന്ന കേന്ദ്ര സഹായം 817.8 കോടി രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സ്കീമിൽ തുക കൂട്ടിക്കിട്ടുക സാധ്യമല്ല. |

**സെക്ഷൻ ഓഫീസർ**